മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡിന്റെ വികസന പദ്ധതി നടന്നുകൊണ്ടിരിക്കുന്നു. 2013-14 കാലയളവിൽ ആധുനികവത്ക്കരണത്തിനായി 250 ലക്ഷം രൂപ അനുവദിച്ചു. 2014-15-ൽ പുതിയ മെഷിനറികൾ വാങ്ങുന്നതിലേക്കായി 200 ലക്ഷം രൂപയും കൂടാതെ 'റിജുവിനേഷൻ & റിവൈവൽ ഓഫ് വയബിൾ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ്' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2015-16 വാർഷിക ബഡ്ജറ്റിൽ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മില്ലിന്റെ ടെക്നോളജി അപ്ഗ്രഡേഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുള്ള ആകെയായ 25.20 ലക്ഷം രൂപയുടെ പ്രോജക്ട് റിപ്പോർട്ടിന് സർക്കാരിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2013-14, 2014-15 കാലയളവിൽ പ്രസ്തുത പദ്ധതിക്കായി യഥാക്രമം 350 ലക്ഷം രൂപയും 160 ലക്ഷം രൂപയും നൽകുകയുണ്ടായി. 2015-16-ൽ 275 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തൊഴിൽ സംരംഭകർക്ക് പലിശ സബ്സിഡി

100(2088) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും ലക്ഷ്യമിട്ട് പരമ്പരാഗത തൊഴിൽ മേഖലയിലെ സംരംഭകർക്ക് വായ്പകളിന്മേൽ പലിശ സബ്സിഡി നൽകുന്നതിനു 2014-15-ൽ പ്രഖ്യാപിച്ച പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതി മുഖേന സാമ്പത്തിക തൊഴിൽ അവസരങ്ങളിൽ കൈവരിക്കാനായ നേട്ടം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി നടപ്പിലായിട്ടില്ല.

(ബി) ബാധകമല്ല.

സ്വയംസംരംഭക വികസന മിഷൻ

101(2089) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly